(ബി) കൊയറൈസ്ഡ് റോഡുകളും റബ്ബറൈസ്ഡ് റോഡുകളും നിർമ്മിക്കുവാൻ ഒരു പദ്ധതി ആവിഷ്കരിക്കുമോ?

ഉത്തരം

(എ) കയർ അടിസ്ഥാന ഘടകമാക്കി ഉൽപ്പാദിക്കപ്പെടുന്ന കയർ ജിയോടെക്സ്റ്റൈൽസ് എന്ന നിർമ്മാണ വസ്തു ഉപയോഗിച്ച് റോഡു നിർമ്മിക്കുന്ന സാങ്കേതികവിദ്യ പരീക്ഷണാടിസ്ഥാനത്തിൽ ഉപയോഗപ്പെടുത്തുന്നുണ്ട്. ആലപ്പുഴ റോഡ്സ് ഡിവിഷന്റെ കീഴിൽ വരുന്ന 'കൈനകരി പഞ്ചായത്ത് ഓഫീസ് റോഡ്' കയർ ജിയോടെക്സ്റ്റൈൽസ് ഉപയോഗിച്ച് പണിയുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. ഇതിന് 160 ലക്ഷം രൂപ ചെലവ് പ്രതീക്ഷിക്കുന്നു.

(ബി) ചെലവ് താരതമ്യേന കൂടിയ ഈ സാങ്കേതികവിദ്യ കൂടുതൽ ശാസ്ത്രീയ പഠനങ്ങൾക്കുശേഷം മാത്രമേ വ്യാപകമായി ഉപയോഗപ്പെടുത്തുന്ന കാര്യത്തിൽ തീരുമാനമെടുക്കുവാൻ കഴിയൂ. കേരളത്തിലെ പ്രധാനപ്പെട്ട റോഡുകളെല്ലാം ഘട്ടംഘട്ടമായി റബ്ബറൈസ് ചെയ്യുന്നതിന് സർക്കാർ ഉദ്ദശിക്കുന്നുണ്ട്. ഇതിനായി റബ്ബറൈസ്ഡ് ബിറ്റുമിൻ ഉൽപ്പാദിപ്പിക്കുന്ന ജോലി കൊച്ചിൻ റിഫൈനറീസ് ലിമിറ്റഡ് ഏറ്റെടുത്തിട്ടുണ്ട്.

93 (1637) റബ്ബർ-ബിറ്റുമിൻ ടാറിംഗ്

ശ്രീ. സത്യൻ മൊകേരി :
ശ്രീ. സി.എൻ. ജയദേവൻ :
പ്രൊഫ. മീനാക്ഷി തമ്പാൻ :
ശ്രീ. പി. രാജു :
ശ്രീ. യു.എസ്. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റോഡുകൾ കൂടുതൽ സുരക്ഷിതമാക്കുന്നതിനുവേണ്ടി റബ്ബർ-ബിറ്റുമിൻ ടാറിംഗ് ആരംഭിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഇപ്പോൾ എത്ര കിലോമീറ്റർ റോഡ് ഇപ്രകാരം ടാറിംഗ് നടത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) റബ്ബർ-ബിറ്റുമിൻ ടാറിംഗ് വ്യാപകമാക്കാനുദ്ദേശിക്കുന്നുണ്ടോ;

(ഡി) ഉണ്ടെങ്കിൽ അതിനുള്ള എന്തെല്ലാം നടപടികൾ സ്വീകരിച്ചു വരുന്നുണ്ടെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ)&(ബി) റോഡുകൾ കൂടുതൽ ബലവത്തും സുരക്ഷിതവുമാക്കുക എന്ന ലക്ഷ്യം മുൻനിർത്തി സംസ്ഥാനത്തെ പ്രധാന പാതകളെല്ലാം ഘട്ടംഘട്ടമായി റബ്ബറൈസ് ചെയ്യാനാണ് ഉദ്ദേശിക്കുന്നത്. പരീക്ഷണാടിസ്ഥാനത്തിൽ കോട്ടയം-കുമിളി റോഡ് 5 കി.മീ. ദൂരം ഇതിനകം റബ്ബറൈസ് ചെയ്തിട്ടുണ്ട്.

(സി)&(ഡി) റോഡുകൾ റബ്ബറൈസിംഗ് ചെയ്യുന്നതിനായി കൊച്ചിൻ റിഫൈനറിയോട് റബ്ബറൈസ്ഡ് ബിറ്റുമിൻ ഉൽപ്പാദിപ്പിക്കുവാൻ ആവശ്യപ്പെടുകയും അവരതിന് സമ്മതിക്കുകയും ചെയ്തിട്ടുണ്ട്. റബ്ബറൈസ്ഡ് ബിറ്റുമിന്റെ ഒരു സൂക്ഷ്മ മാതൃക ഇതിനകം കൊച്ചിൻ റിഫൈനറീസ് വികസിപ്പിച്ചെടു

LIBRARY ARCHIVES Kerala Legislative Assembly

ത്തിട്ടുണ്ട്. പ്രാരംഭമെന്ന നിലയ്ക്ക് ഈ വർഷം തന്നെ 15000 ടൺ റബ്ബ റൈസ്ഡ് ബിറ്റുമിൻ ഉൽപ്പാദിപ്പിക്കുമെന്ന് സ്റ്റേറ്റ് ഗവൺമെന്റ് കൊടുത്ത നിർദ്ദ ശത്തിൻമേൽ റിഫൈനറി തീരുമാനിച്ചിട്ടുണ്ട്.

94 (1638) ജില്ലാതല റോഡുകൾ

ശ്രീ. കെ.സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാ സവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സുപ്രധാനമായ ചില റോഡുകൾകൂടി പ്രധാന ജില്ലാതല റോഡായി പ്രഖ്യാപിക്കാനുള്ള നടപടികൾ ഇപ്പോൾ ഏതു ഘട്ടത്തിലാണെന്ന് വെളിപ്പെടുത്തുമോ;

(ബി) സ്റ്റേറ്റ് ഹൈവേകളായി പുതിയ ഏതെങ്കിലും റോഡുകൾ പ്രഖ്യാപിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ?

ഉത്തരം

(എ) സംസ്ഥാനത്തെ പ്രധാനപ്പെട്ട റോഡുകളെ ജില്ലാതല റോഡുക ളായി ഉയർത്തുന്നതിനുള്ള പ്രൊപ്പോസൽ പരിശോധിച്ചുവരുന്നു.

(ബി) ഉണ്ട്.

95 (1639) അപകട സാദ്ധ്യതയുള്ള വളവുകൾ നിവർത്തുന്നതിന് നടപടി

ശ്രീ. ടി.എം. ജേക്കബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാ സവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പിറവം-തൊടുപുഴ റോഡിലെ അപകടസാദ്ധ്യതയുള്ള വളവു കൾ നിവർത്തുന്നത് സംബന്ധിച്ചുള്ള നടപടികൾ ഇപ്പോൾ ഏതു ഘട്ടത്തി ലാണ്;

(ബി) ഇത് സംബന്ധമായി സർക്കാരിന് ആരുടെയെല്ലാം നിവേദന ങ്ങൾ കിട്ടിയിട്ടുണ്ട്;

(സി) ഈ വളവുകൾ നിവർത്താത്തതുവഴി ജനങ്ങൾ അനുഭവി ക്കുന്ന ബുദ്ധിമുട്ട് ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) വളവുകൾ നിവർത്തുന്ന പണികൾ എന്ന് ആരംഭിച്ച് എന്ന ത്തേയ്ക്ക് പൂർത്തിയാക്കാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്?

ഉത്തരം

(എ) പ്രസ്തുത റോഡിലെ അപകടസാദ്ധ്യതയുള്ള വളവുകൾ നിവർത്തുന്നതിനുവേണ്ടി എസ്റ്റിമേറ്റ് തയ്യാറാക്കി ഭരണാനുമതിയും പ്രത്യേകാ നുമതിയും നൽകിയിട്ടുണ്ട്. സ്ഥലമെടുപ്പ് നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) ശ്രീ. സി.ആർ. ദാമോദരൻ നായർ, ചെറുവത്തൂർ, ഓണക്കൂർ പി.ഒ., എറണാകുളം ജില്ല, മുൻ എം.എൽ.എ. ശ്രീ. ഗോപി കോട്ടമുറി എന്നിവ രിൽനിന്ന് നിവേദനങ്ങൾ ലഭിച്ചിട്ടുണ്ട്.

(സി) ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly